(27) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനങ്ങൾ

ശ്രീ. കെ. ബാബു : സർ, പിന്നോക്ക വിഭാഗവികസന കോർപ്പറേഷനിലെ നിയമനം സംബന്ധിച്ച പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴി നടത്തണമെന്നാണ് വ്യവസ്ഥ. എന്നാൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ വിവിധ തസ്തികകളിലേയ്ക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആറു മാസത്തേയ്ക്കു നിയമിച്ച ആളുകളെ സ്ഥിരപ്പെടുത്താൻ പോകുന്നതായി പരാതി ഉണ്ടായിട്ടുണ്ട്. സുപ്രീം കോടതിയുടെ വിധി ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ളതാണ്. സുപ്രീം കോടതി വിധിയിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് സ്ഥിരം നിയമനം നടത്തുന്ന നടപടി കോർപ്പറേഷൻ സ്വീകരിക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതുമാത്രമല്ല നിയസഭയിൽത്തന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അത് പി.എസ്.സി.ക്ക് വിടുമെന്ന് ഉത്തരം നൽകിയിട്ടുള്ളതുമാണ്. അതുകൊണ്ട് പിന്നോക്ക വിഭാഗവികസന കോർപ്പറേഷനിൽ സ്ഥിരമായി നടക്കാൻ പോകുന്ന നിയമനങ്ങൾ പി. എസ്. സി. വഴി നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, 28-2-1995-ലാണ് കേരളത്തിലെ സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രൂപീകരിച്ചത്. അവിടെ ഏകദേശം 217 ഓളം ആളുകളെ വിവിധ തസ്തികകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതന വ്യവസ്ഥയിലുമാണ് നിയമിച്ചിരുന്നത്. യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഈ നിയമനങ്ങൾ നടത്തിയിരുന്നത്. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞാൽ ധാരാളം കാലതാമസം വരികയും ചെയ്യും. സ്ഥിരമായ നിയമനമല്ലാത്തതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് എപ്ലോയ്മെന്റ് എക്സ്ചെയിഞ്ചിൽ പേരു രജിസ്റ്റർ ചെയ്യുകയും നിരവധി കാലം തൊഴിലിനു വേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന ആളുകൾക്ക് എല്ലാ മാനദണ്ഡങ്ങളും, കമ്മ്യൂണിറ്റി റൊട്ടേഷനടക്കം പരിശോധിച്ച്, റിട്ടൺ ടെസ്റ്റ് നടത്തി, ഇന്റർവ്യൂ നടത്തി നിയമനം നൽകാൻ നടപടി സ്വീകരിച്ചത്. നിലവിലുള്ള നിയമമെല്ലാം പാലിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇതു ചെയ്തിരിക്കുന്നത്.

(28) ഇടുക്കി ഡാമിലേയ്ക്കുവരുന്ന പെരിയാർ നദിയിലെ വെള്ളം തിരിച്ചു വിടുന്നത് സംബന്ധിച്ച്

ശ്രീ. ടി.കെ ബാലൻ : സർ, ഇടുക്കി വാട്ടർ റിസർവോയറിലേക്കുള്ള അഴുത ഓഗ്മെന്റേഷൻ സ്കീമിൽ വലിയ ചെക്ക്ഡാം നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണ്. നൂറാടിപ്പാലം എന്ന സ്ഥലത്താണ് ഇത് നിർമ്മിക്കുന്നത്. 20 മീറ്റർ നീളവും 3 മീറ്റർ ഉയരവുമുള്ള ഈ ചെക്ക്ഡാം നിർമ്മാണത്തോടെ വേനൽക്കാലത്തു മുഴുവൻ വെള്ളവും തിരിച്ചുവിടാൻ കഴിയും. 120 മില്യൻ ക്യൂബിക് മീറ്റർ വെള്ളംകൊണ്ട് 120 മില്യൻ യൂണിറ്റ് കറന്റ് ഉണ്ടാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

10 കോടി രൂപ വില വരുന്ന വൈദ്യുതി ഉൽപ്പാദനമാണ് ഇതുകൊണ്ട് ഒരുവർഷം നഷ്ടമാകുന്നത്. പെരിയാർ നദി, കേരള ഹൈക്കോടതി വിധിപ്രകാരം 5 പ്രൊട്ടക്റ്റഡ് റിവേഴ്സിൽ ഒന്നാണ്. കോടതി വിധിപ്രകാരം പെരിയാർ നദിക്ക് തടസ്സമുണ്ടാക്കുന്നത് ശിക്ഷാർഹമാണ്. ചെക്ക് ഡാം കെട്ടി വെള്ളം വഴിതിരിക്കുന്നത് സ്വകാര്യ ചായത്തോട്ടങ്ങളിലേയ്ക്കാണെന്നറിയുന്നു. ഈ രീതിയിൽ നിർമ്മിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ ? ഗുരുതരമായ ഈ പ്രശ്നങ്ങളിൽ വേണ്ടത്ര അന്വേഷണം നടത്തി സത്വരമായ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, അഴുത നദിയിൽ നിർമ്മിച്ചിരിക്കുന്നത് ചെക്ക്ഡാമല്ല. വെറും ഒരു വിയർ മാത്രമാണ്. ഡെപ്യൂട്ടി സ്പീക്കർ, മറ്റു ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർ നിരന്തരം ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ സ്കീം 'നബാർഡ്' ന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ തയ്യാറായത്. 1996 ജൂലൈയിൽ മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എൻജിനിയർ, (എറണാകുളം) 4 ലക്ഷം രൂപയുടെ ഭരണാനുമതിയും 31-7-1999-ൽ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ദേവസ്യ എന്ന കോൺട്രാക്ടറാണ് കരാർ ഏറ്റെടുത്ത് പണി നടത്തുന്നത്. നാമലത്തോടുമായി ബന്ധപ്പെടുന്ന മോട്ട, വറളി, വാലിത്തോട് എന്നിവ ഈ വിയറിന് 100 മീറ്റർ മുകളിലാണ്. ഈ വിയറിന് 20 മീറ്റർ നീളവും രണ്ടര മീറ്റർ വീതിയുമാണുള്ളത്. ഇതിൽ സംഭരിക്കുന്ന വെള്ളം 50-ഓളം ഹരിജൻ കുടുംബങ്ങൾക്ക് കുടിവെള്ളത്തിനും 20 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനും ഉപയുക്തമാകുമെന്നാണ് അന്നത്തെ രേഖകളിൽ കാണുന്നത്. ബാക്കിവരുന്ന വെള്ളം താഴോട്ടുതന്നെ ഒഴുകി പോകുന്നതാണ്. ഏതെങ്കിലും തോട്ടമുടമ സർക്കാരിന്റെ അനുവാദമില്ലാതെ വെള്ളം അവരുടെ ആവശ്യങ്ങൾക്ക് പ്രസ്തുത വിയറിൽ നിന്ന് ഉപയോഗിക്കുകയാണെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്താൻ ജലസേചന (ഭരണ വിഭാഗം) ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(29) ഫിലിപ്പ്സ് കാർബൺ ബ്ലാക്ക് കമ്പനിയിലെ പണിമുടക്ക്

ശ്രീ. എം. പി. വർഗ്ഗീസ് : സർ, എറണാകുളം ജില്ലയിലെ കരിമുകളിലുള്ള ഫിലിപ്പ്സ് കാർബൺ കമ്പനിയിലെ തൊഴിലാളികൾ 112 ദിവസമായി പണിമുടക്കിലാണ്. പലവട്ടം റീജിയണൽ ലേബർ കമ്മിഷണറും, തൊഴിൽ വകുപ്പു സെക്രട്ടറിയും യോഗം വിളിച്ചിരുന്നു. എങ്കിലും അനുരഞ്ജന സംഭാഷണത്തിൽ സമരം ഒത്തുതീർപ്പായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയും അതിന് മുൻകൈയെടുത്തിട്ടുള്ളതാണ്. വളരെ ദിവസങ്ങളായി നടക്കുന്ന സമരം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ചർച്ചചെയ്ത് അവസാനിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly